# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6239 07.11.2016-ൽ മറുപടിയ്ക്ക്

## ചരിത്രരേഖകളുടെയും മതിലകം രേഖകളുടെയും സംരക്ഷണത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. ഷാഫി പറമ്പിൽ: | **ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി**<br>**തുറമുഖവും മ്യൂസിയവും പുരാവസ്തു**<br>**സംരക്ഷണവും വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്തെ ചരിത്രരേഖകളുടെയും മതിലകം രേഖകളുടെയും സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ മതിലകം രേഖകളായ താളിയോലകൾ ഉൾപ്പെടെയുള്ള ചരിത്ര രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനാവശ്യമായ കെമിക്കൽ കൺസർ വേഷൻ, ഡിജിറ്റലൈസേഷൻ എന്നീ പദ്ധതികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി ചരിത്രരേഖകളിലും മതിലകം രേഖകളായ താളിയോലകളിലും അടങ്ങിയിട്ടുള്ള കീടങ്ങളെയും മറ്റും നശിപ്പിച്ച ശേഷം ഇവയെ അമ്ലനശീകരണത്തിന് വിധേയമാക്കുകയും തുടർന്ന് മെന്റിംഗ്, ലാമിനേഷൻ, ഫുൾപേസ്റ്റിംഗ്, ടിഷ്യൂ റിപ്പയർ, ഗാർഡ് കൊടുക്കൽ, ബയന്റിംഗ് തുടങ്ങിയ പ്രക്രിയകൾക്ക് വിധേയമാക്കുകയാണ് ചെയ്യുന്നത്. ഇതിലേയ്ക്കായി വകുപ്പിൽ ഒരു കൺസർവേഷൻ വിഭാഗം പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ പ്രസ്തുത രേഖകളുടെ കൺസർവേഷനുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്ഥാപനമായ Natural Research Laboratory for Cultural Properties (NRLC), കേരള സർക്കാർ സ്ഥാപനമായ Centre for Heritage Studies, Thrippunithura (CHS) എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് ശാസ്ത്രീയ സംരക്ഷണ പ്രക്രിയകൾ പുരാരേഖാ വകുപ്പ് നടത്തി വരുന്നു. |
| (ബി) ഇതിനായി നടന്നുവരുന്ന ഡിജിറ്റലൈസേഷൻ പദ്ധതി പ്രയോജന പ്പെടുത്തുമോയെന്ന് വിവരിക്കുമോ; | (ബി) മതിലകം രേഖകൾ ഉൾപ്പെടെയുള്ള ചരിത്രരേഖകൾ ഡിജിറ്റൈസേഷനു വിധേയമാക്കി വരുന്നുണ്ട്. ഇവ ഗവേഷകർക്കും പൊതുജനങ്ങൾക്കും ഏറെ പ്രയോജന പ്പെട്ടുവരുന്നു. |

| | |
|---|---|
| (സി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | (സി) ചരിത്ര രേഖകളുടെയും മതിലകം രേഖകളുടെയും സംരക്ഷണത്തിനാവശ്യമായ വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് വകുപ്പ് തലത്തിൽ ആർക്കൈവ്സ് അഡ്വൈസറി കമ്മിറ്റി, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, സ്റ്റേറ്റ് ലെവൽ സ്ക്രീനിംഗ് കമ്മിറ്റി എന്നീ കമ്മിറ്റികൾ പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ പുരാരേഖാ വകുപ്പ് അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ വകുപ്പിലെ സൂപ്പർവൈസറി ജീവനക്കാരുടെ മേൽനോട്ടത്തിൽ പ്രസ്തുത രേഖകളുടെ സംരക്ഷണത്തിനായി വിവിധ പദ്ധതികളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ